# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യല്‍ ഓഡിറ്റ് റിപ്പോര്‍ട്ട്

ജില്ല:തിരുവനന്തപുരം

ബ്ലോക്ക് വാമനപുരം

പഞ്ചായത്ത് :നെല്ലനാട്

വാര്‍ഡ് : നെല്ലനാട് 2

സോഷ്യല്‍ ഓഡിറ്റ് പീരീഡ് : 1/10/2018-31/3/2019

റിപ്പോര്‍ട്ട് തയ്യാറാക്കിയത്

രേഷ്മ. ആര്‍.എസ്

റിസോഴ്സ് പെര്‍ഴ്സണ്‍ വാമനപുരം ബ്ലോക്ക്

---

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

സോഷ്യല്‍ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

2018-19

---

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

### സവിശേഷതകൾ

നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
സ്ത്രീക്കും പുരുഷനും തുല്യ വേതനം

പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന

തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു

ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

കരാറുകാരെ ഇടനിലക്കാരോ ഇല്ല

പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം

സ്ത്രീകൾക്ക് മുൻഗണന

കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന സോഷ്യൽ ഓഡിറ്റിലുടെ കണ്ടെത്താൻ കഴിയുന്നു

ദ്ധതി ആസൂത്രണ്ണം. നിര് വഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നിലവിൽവന്നു.

# അവകാശങ്ങൾ

മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴില് നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.സോഷ്യല് ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തവകാശങ്ങളും സംരക്ഷിക്കപെടുന്നുവെന്നും വിലയിരുത്തുന്നു. തൊഴിലുറപ്പ് നിയമത്തിലൂടെ തൊഴിലാളികള് ക്ക് ലഭ്യമായ അവകാശങ്ങളെ കുറിച്ച് താഴെ പറയുന്നു.

1.തൊഴില് കാര് ഡുമായി ബന്ധപ്പെവ:

തൊഴില് കാര് ഡ്ഒരുആധികാരികരേഖയാണ് .മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള് 2 പ്രകാരം തൊഴില് കാര് ഡിന് അപേക്ഷ നല് കുന്ന കുടുംബങ്ങള് ക്ക് 15 ദിവസത്തിനകം തികച്ചും സൌജന്യമായി തൊഴില് കാര് ഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളില് കാർഡ് പുതുക്കി നല് കേണ്ടതുമാണ്. തൊഴില് കാര് ഡ് തൊഴിലാളികളുടെ കൈവശം തന്നെയാണ് സൂക്ഷിക്കേണ്ടത് തൊഴില് ഏര് പ്പെട്ട ദിവസങ്ങള് കൃത്യമായി രേഖ പെടുത്തിയിരിക്കുന്നു എന്നാല് തൊഴില് കാര് ഡില് അടിസ്ഥാന പരമായി പൂരിപ്പികേണ്ട എല്ലാ ഭാഗങ്ങളും ഒഴിഞ്ഞു കിടക്കുന്നു.തൊഴിലാളി തൊഴില് ആവശ്യ പെട്ട തീയതി,ആവശ്യ പെട്ട കാലയളവ് ജോലി ലഭ്യമായ കാലയളവ് ലഭ്യമായ കൂലി എന്നീ ഭാഗങ്ങള് ഒന്നും തന്നെ പൂരിപിച്ചിട്ടില്ല.ആയതിനാല് കഴിഞ്ഞ സാമ്പത്തീക വര്ഷം ഇതു തൊഴിലില് ഭാഗമായിരുന്നു എന്ന് തൊഴില് കാര് ഡില് നിന്നും മനസിലാക്കാന് സാധിച്ചിരുന്നില്ല

2.തൊഴില് ലഭിക്കുന്നത് സംബന്ധിച്ച്:

തൊഴില് കാര് ഡുള്ള ഏതൊരു കുടുംബത്തിനും 100 ദിവസത്തെ അവിദഗ്ദ കായിക തൊഴിലിന് അവകാശമുണ്ട്. അപേക്ഷ നല് കിയാല് കൈപ്പറ്റു രശീത് നല് കുകയും15 ദിവസത്തിനകം തൊഴില് ലഭ്യമാക്കണമെന്നും നിയമത്തില് പ്രതിപാദിക്കുന്നു..അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് അപേക്ഷകന് കൈപ്പറ്റു രശീത് നിര് ബന്ധമായും നല് കണമെന്ന് നിയമത്തില് അനുശാസിക്കുന്നുണ്ട് . ഫയലില് തൊഴില് അപേക്ഷകളോ രശീതിന്റെ കൌണ്ടര് സ്ലിപ് കാണാന് സാധിച്ചിട്ടില്ല.

തൊഴിലുറപ്പ് നിയമപ്രകാരം തൊഴില് ആവശ്യപ്പെട്ടു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴില് ലഭ്യമാക്കണമെന്നുണ്ട്. വാർഡിലെ തൊഴിലാളികള് ക്ക് തൊഴില് ആവശ്യമുള്ള സമയങ്ങളില് അപേക്ഷ സമര് പ്പിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം തൊഴില് അനുവദിക്കേണ്ടതുണ്ട്. വാര് ഡിലെതൊഴിലാളികള് തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമര് പ്പിക്കാറില്ല അതുകൊണ്ടുതന്നെ കൃത്യമായി തൊഴില് ലഭിച്ചിട്ടുണ്ടോ എന്ന് രേഖകളില് നിന്നും വ്യക്തമല്ല.

3.തൊഴിലില്ലായ്മവേതനം:

തൊഴില് ആവശ്യപ്പെട്ടു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴില് ലഭ്യമാക്കാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കാന് അവകാശമുണ്ട്.വാര് ഡിലെതൊഴിലാളികള് തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമര് പ്പിക്കാറില്ല ,അതുകൊണ്ട് തന്നെ തൊഴിലില്ലായ്മ വേതനം ലഭിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല

4.ഷെല് ഫ് ഓഫ് പ്രോജക്റ്റ് സംബന്ധിച്ച്:

വാര് ഡില് ആവശ്യമായ വികസന പ്രവൃത്തികള് കണ്ടെത്തുന്നതിന് തൊഴിലാളികള് ക്ക് അവകാശം ഉണ്ട്. തൊഴില് കണ്ടെത്തുന്നതിനു തൊഴിലാളികളുടെയും മേറ്റിന് റെയും ഭാഗത്ത് നിന്നും പങ്കാളിത്തമുണ്ടാവുന്നുണ്ട്, എന്നാല് തൊഴിലുറപ്പില് അനുവദനീയമായ ആസ്തി വികസന പ്രവൃത്തികള് കണ്ടെത്തുന്നതിന് വാര് ഡിലെ വിവിധ മേഖലയില് ഉള്ളവരുടെ പങ്കാളിത്തം ഉണ്ടാവേണ്ടതുണ്ട്.പഞ്ചായത്തില് വാര് ഡ് തലത്തില് ഗ്രാമസഭ രജിസ്റെര് സൂക്ഷിക്കുന്നതായി കണ്ടില്ല .വാര് ഡിലെ പൊതു ഗ്രാമസഭയില് ആണ് തൊഴിലുറപ്പ് സംബന്ധമായ യോഗം ചേര് ന്നതായി കാണുന്നത്

*5.യാത്രാ ചെലവ് സംബന്ധിച്ച്:*

*തൊഴിലാളികള്‍ക്ക് താമസ സ്ഥലത്തുനിന്നും 5 കിലോമീറ്റര്‍ ചുറ്റളവില്‍ തൊഴില്‍ ലഭിക്കുവാനുള്ള അവകാശമുണ്ട്, പ്രസ്തുത പരിധിക്കു പുറത്തു തൊഴില്‍ ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കില്‍ യാത്രാ ബത്തയായി കൂലിയുടെ 10% തുക നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ പ്രവൃത്തി ദിവസങ്ങളില്‍ ലഭ്യമാക്കണം. അഞ്ച്കിലോമീറ്റര്‍ പരിധിക്കപ്പുറം തൊഴിലുറപ്പ് പ്രവൃത്തി ചെയ്തില്ല എന്നാണു തൊഴിലാളികളില്‍ നിന്നും മനസിലാക്കാന്‍ കഴിഞ്ഞത്.*

*6.പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങള്‍ സംബന്ധിച്ച്;*

*തൊഴിലിടങ്ങളില്‍ ലഭിക്കേണ്ട അടിസ്ഥാന സൌകര്യങ്ങളായ പ്രഥമ ശുശ്രൂഷാ സംവിധാനങ്ങള്‍ , വിശ്രമ സമയത്തെ തണല്‍ സൗകര്യം, കുടിവെള്ളം എന്നിവ തൊഴിലാളികള്‍ക്ക് സൌജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. . തൊഴിലാളികളുമായുള്ള കൂടിക്കാഴ്ച യില്‍ മനസിലാക്കാന്‍ സാധിച്ചത് കുടിവെള്ളത്തിനായി പാത്രം,ഗ്ലാസ് എന്നിവ ലഭ്യമായിരുന്നു എന്നും അതോടൊപ്പം പ്രഥമ ശുശ്രൂഷ മരുന്നുകള്‍ വാങ്ങിച്ചു ഓഫീസില്‍ നല്‍കുന്ന എന്നറിയാന്‍ സാധിച്ചു.എന്നാല്‍ ഇതുവരെ തൊഴിലാളികള്‍ക്ക് ,കയ്യുറ കാലുറ ലഭിച്ചിട്ടില്ല .ഇത് നിര്‍വഹണ ഏജന്‍സിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്, തുടര്‍ന്നുള്ള പ്രവൃത്തികളില്‍ അടിസ്ഥാന സൌകര്യങ്ങള്‍ ലഭ്യമാക്കുന്നതിന് നിര്‍വഹണ ഏജന്‍സി ശ്രദ്ധിക്കേണ്ടതുണ്ട്.*

*അപകടങ്ങള്‍ സംബന്ധിച്ച്:*

*തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികള്‍ക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചു പോവുകയാണെങ്കില്‍ നിയമത്തിലെ ഷെഡ്യൂള്‍ 2(5)പ്രകാരവുംഅദ്ധ്യായം 9 ലെ പരാമര്‍ശങ്ങളുടെ അടിസ്ഥാനത്തിലും ചികില്‍സാ ചെലവുകളുടെ രേഖകള്‍ സമര്‍പ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുഴുവനും അനുവദിച്ചു കൊടുക്കേണ്ടതാണ്.ഓഡിറ്റ് കാലയളവില്‍ അത്തരത്തില്‍ ഉള്ള അപകടങ്ങള്‍ ഒന്നും സംഭവിച്ചിട്ടില്ല .എന്നാല്‍ നാരായണി(007/23) എന്ന തൊഴിലാളി നാലു മാസം മുന്‍പ് പ്രവൃത്തി സ്ഥലത്ത് നിന്നും വീണു കൈക്ക് പറ്റിയിരുന്നെന്കിലും ചികിത്സ സഹായം ലഭിച്ചില്ല എന്നാണ് അറിയാന്‍ സാധിച്ചത്*

*7.വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച്;*

*തൊഴിലുറപ്പ് നിയമത്തില്‍ സെക്ഷന്‍ 3(2)പ്രകാരം മസ്റ്റര്‍ റോള്‍ കാലാവധി കഴിഞ്ഞു 15ദിവസത്തിനകം തൊഴിലാളികളുടെ അക്കൌണ്ടില്‍ കൂലി ലഭിക്കുവാന്‍ അവകാശമുണ്ട്. പഞ്ചായത്തില്‍ നിന്നും പതിനഞ്ച് ദിവസത്തിനുള്ളില്‍ എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.*

*15 ദിവസത്തിനകം വേതനം ലഭ്യമായിലെങ്കില്‍ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം*

*തൊഴില്‍ പൂര്‍ത്തീകരിച്ചു പതിനഞ്ചു ദിവസതുള്ളില്‍ കൂലി ലഭിചിരുന്നിലെന്കില്‍ കൂലിയുടെ 0.05 ശതമാനം നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം ഉണ്ട്. പഞ്ചായത്തില്‍ നിന്നും പതിനഞ്ച് ദിവസത്തിനുള്ളില്‍ എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.നിലവില്‍ കേന്ദ്ര സര്‍കാരില്‍ നിന്നും ഫണ്ട് ലഭ്യമാകതിരിക്കുന്ന സാഹചര്യത്തില്‍ മാത്രമാണ് വേതനം ലഭിക്കാന്‍ വൈകുന്നത്.*

*9.പരാ-തി പരിഹാരം സംബന്ധിച്ച്:*

*തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലുംകാര്യത്തില്‍ പരാതിയുണ്ടാകുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തില്‍ പരാതിപ്പെടാവുന്നതാണ്, പ്രസ്തുത പരാതികള്‍ സ്വീകരിച്ചു രസീറ്റ് നല്‍കുകയും പരമാവധി 7 ദിവസ പരിധിക്കുള്ളില്‍ അന്വേഷിച്ചു പരാതിക്കാരന് മറുപടി നല്‍കേണ്ടതാണ്(section (19). പരാതികള്‍*

*അറിയിക്കുന്നതിനുള്ള ടോള്‍ ഫ്രീ നമ്പര്‍ (18004251004 ) പൊതുജനങ്ങള്‍ ക്ക് കാണാവുന്ന രീതിയില്‍ പഞ്ചായത്ത് ഓഫീസില്‍ പ്രദര്‍ ശിപ്പിക്കേണ്ടതുണ്ട് . പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചപ്പോള്‍ ഇതുവരെയായി രണ്ടു പരാതികള്‍ രജിസ്റ്ററില്‍ രേഖപ്പെടുത്തിയതായും അതിനുള്ള നടപടി സ്വീകരിച്ചതായും കാണപെട്ടു.കൂലി വൈകിയ പരാതി ആണ് ,*

*10.സോഷ്യല്‍ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്:*

*തൊഴിലുറപ്പില്‍ ഏറ്റെടുത്ത പ്രവൃത്തികള്‍ സോഷ്യല്‍ ഓഡിറ്റ് നടത്തുന്നതില്‍ പങ്കാളികളാവുന്നതിനു തൊഴിലാളികള്‍ ക്ക് അവകാശമുണ്ട്. (സെക്ഷന്‍ 17.2)*

*.തൊഴിലാളികളുടെകടമകൾ*

*കൃത്യസമയത്ത്തൊഴിൽസ്ഥലത്ത്ഹാജരായിഒപ്പ് വയ്ക്കുക.*

*തൊഴിലുറപ്പ്ഗ്രാമസഭയ്ക്ക്സോഷ്യൽഓഡിറ്റ്ഗ്രാമസഭയും കൃത്യമായിപങ്കെടുക്കുക*

*പ്രകൃതിസംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികൾ ഏറ്റെടുത്ത്നടപ്പിലാക്കുക.*

*ആസ്തിസൃഷ്ടിക്കുന്നപ്രവൃത്തികൾ കണ്ടെത്തിമേറ്റ്നെയുംപഞ്ചായത്ത് അധികൃതരെയും അറിയിക്കുക.*

*2018-19 സാമ്പത്തിക വർഷത്തിൽ നെല്ലനാട് പഞ്ചായത്തിലെ നെല്ലനാട് വാർഡിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 5 പ്രവർത്തി കളാണ് സോഷ്യൽ ഓഡിറ്റ് ന് വിധേയം മാക്കിയത്.*

*ഓഡിറ്റ് ന് വിധേയം മാക്കിയ പ്രവർത്തികളുടെ ലിസ്റ്റ്*

*1.LD/245983 ഉണ്ടകുന്നിൽ പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ.*

*2.LD/245989 മല്ലകുന്ന് പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ*

*3. LD/245985 കൈതറകുഴി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം.*

*4.LD/245986 സ്റ്റേഡിയം പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ*

*5.LD/245977 നെല്ലനാട് പ്രദേശത്തെ  മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ.*

*ഫയൽ പരിശോധനയിൽ  കണ്ടെത്തിയ വിവരങ്ങൾ*

*A. M.C പ്രകാരം ഒരു പ്രവർത്തി ഫയലിൽ  താഴെ പറയുന്ന 22 രേഖ കളും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.*

*1.കവർ പേജ്*

*2.ചെക്ക് ലിസ്റ്റ്*

*3.ആക്ഷൻ പ്ലാൻ*

## *നെല്ലനാട് വാർഡിലെ 5 ഫയലുകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ.*

- *സാങ്കേതിക അനുമതി, ഭരണാനുമതി, എസ്റ്റിമേറ്റ്, മാസ്റ്റർ റോൾ, വേജ് ലിസ്റ്റ്, എം. ബുക്ക്, ഡിമാൻഡ് ഫോം എന്നിവ 5 ഫയലുകളിലും കാണാൻ സാധിച്ചു.*
- *കവർ പേജ്, ചെക്ക് ലിസ്റ്റ്, എന്നിവ 3 ഫയലുകളിൽ കാണാൻ സാധിച്ചു.*
- *സൈറ്റ് ഡയറി LD/245986 ൽ ഇല്ലായിരുന്നു. ബാക്കി 3 ഫയലുകളിൽ കാണാൻ സാധിച്ചു.*
- *ഫയൽ നീക്കം, വർക്ക് അലോക്കേഷൻ, ഫണ്ട് ട്രാൻസ്ഫർ ഓർഡർ, മെറ്റീരിയൽ ബില്ല് ആൻഡ് വൗച്ചർ, റോയൽ ടി, ഫോട്ടോകൾ,*

*LD/245983 ഉണ്ടക്കുന്നിൽപ്രദേശത്തെ മണ്ണ് ജല സംരക്ഷണം*

*8 പേരുടെ പുരയിടങ്ങളിൽ ആയാണ് ഈ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്.  ഈ പ്രവർത്തിക്ക് ചിലവായ ആകെ തുക 270563 രൂപ.*

*ഈ പ്രവർത്തിയിൽ 18 മഴക്കുഴികൾ 16 കമ്പോസ്റ്റ് കുഴികൾ 300 മീറ്റർ നീളത്തിൽ ജൈവവേലി.97 മീറ്റർ നീളത്തിൽ കല്ല് കയ്യാല, 280 മീറ്റർ നീളത്തിൽ മണ്ണ് കയ്യാലകൾ എന്നിവ ആയിരുന്നു. എന്നാൽ ഫീൽഡിൽ 4 മഴകുഴി, 3കമ്പോസ്റ്റുകുഴി എന്നിവ കാണാൻ സാധിച്ചു. 300 മീറ്റർ നീളത്തിലുള്ള ജൈവവേലി ഫീൽഡിൽ കാണാൻ സാധിച്ചില്ല. ആ ഇനത്തിൽ ഉണ്ടായ പൊതുനഷ്ടം 3658 രൂപ 50 പൈസ.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചില്ല. അതുവഴി ഉണ്ടായ നഷ്ടം 2300 രൂപ.*

*മണ്ണ് കയ്യാല, കല്ല് കയ്യാല എന്നിവ കാണാൻ സാധിച്ചു.*

### *LD/245989 മല്ലകുന്നിൽ പ്രദേശത്തെ മണ്ണ് ജല സംരക്ഷണം*

*5 പേരുടെ പുരയിടങ്ങളിൽ ആയിട്ടാണ് പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത്. ഈ പ്രവർത്തിക്ക് ചിലവായ തുക 94202 രൂപ, CIB യ്ക്ക് 2300 രൂപ പണിആയുധ വാടക 1660 രൂപ എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രവർത്തിയിൽ 17 മഴകുഴികൾ, 9 കമ്പോസ്റ്റുകുഴി, കല്ല് കയ്യാല, മണ്ണ് കയ്യാല എന്നിവ ആയിരുന്നു. ഫീൽഡിൽ 6 മഴക്കുഴികൾഒരു കമ്പോസ്റ്റുകുഴിയും കാണാൻ സാധിച്ചു. അതിൽ കൂടുതലായി വഴക്കുഴികൾ എടുത്തിരിക്കുന്നതായി കാണാൻ സാധിച്ചു. കല്ല് കയ്യാല, മണ്ണ് കയ്യാല എന്നിവ കാടു കയറിയ നിലയിൽ കാണാൻ സാധിച്ചു. CIB കാണാൻ സാധിച്ചില്ല. ആ*

*ഇനത്തിൽ 2300 രൂപ നഷ്ടമായി കണക്കാക്കുന്നു.*

*<u>LD/245977 നെല്ലനാട് പ്രദേശത്തെ മണ്ണ്  ജല സംരക്ഷണം</u>*

*10 പേരുടെ പുരയിടങ്ങളിലായിട്ടാണ് പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത്. ഈ പ്രവര്ത്തിക്ക് ചിലവായ തുക 257055രൂപ 32 പൈസ. CIB ക്ക് 2300 രൂപ എം ബുക്കിൽ രേഖപെടുത്തിയിരിക്കുന്നു. ഈ പ്രവർത്തിയിൽ 12 മഴകുഴികൾ, 135 മീറ്റർ നീളത്തിൽ കല്ലുകയ്യാല, 280 മീറ്റർ നീളത്തിൽ മണ്ണ് കയ്യാല എന്നിവ കാണാൻ സാധിച്ചു. മഴകുഴിക്ക് പകരമായി 13 കമ്പോസ്റ്റുകുഴികൾ, വാഴകുഴികൾ എന്നിവ കാണാൻ സാധിച്ചു.  കല്ല് കയ്യാല കാണാൻ സാധിച്ചില്ല. ആ ഇനത്തിൽ  33277 രൂപ 44 പൈസ പൊതുനഷ്ടം.*

*<u>LD/245985 കൈതറകുഴി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം</u>*

*7 പേരുടെ പുരയിടങ്ങളിലയിട്ടാണ്. ഈ പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത്. ആകെ ചിലവായ 213440 രൂപ. CIB യ്ക്ക് 2300 രൂപ, പണിആയുധ വാടക 3855 രൂപയും എം ബുക്ക് പ്രകാരം 11 മഴക്കുഴികൾ, 7 കമ്പോസ്റ് കുഴി, 127 മീറ്റർ നീളത്തിൽ കല്ല്കയ്യാല, 217 മീറ്റർ നീളത്തിൽ ജൈവവേലി,217 മീറ്റർ നീളത്തിൽ മണ്ണ് കയ്യാല, മണ്ണ് ബണ്ടുകൾ, തട്ട്തിരിക്കൽ എന്നിവ ആണ്. ഫീൽഡിൽ ഒരു മഴകുഴി, 5 കമ്പോസ്റ് കുഴി, മണ്ണ് കയ്യാല,, 20 മീറ്റർ നീളത്തിൽ കല്ല്കയ്യാല എന്നിവ കാണാൻ സാധിച്ചു. കുഴികൾക്ക് പകരമായി വാഴകുഴികൾ അധികം എടുത്തതായി കാണാൻ സാധിച്ചു. 20 മീറ്റർ നീളത്തിൽ കല്ല്കയ്യാലയുടെ  കുറവ് ഉണ്ടായിരുന്നു. ആ ഇനത്തിൽ 24710 രൂപ 58 പൈസ പൊതുനഷ്ടം കണക്കാക്കുന്നു. 217 മീറ്റർ നീളത്തിൽ ജൈവവേലി കാണാൻ സാധിച്ചില്ല.. ആ ഇനത്തിൽ 2646 രൂപ 32 രൂപ പൊതുനഷ്ടമായി കണക്കാക്കുന്നു. CIB  ബോർഡ് കാണാൻ സാധിച്ചില്ല. ആ ഇനത്തിൽ 2300 രൂപ പൊതുനഷ്ടമായി കണക്കാക്കുന്നു.*

*<u>LD/ 245986 സ്റ്റേഡിയം പ്രദേശത്തെ മണ്ണ് ജല സംരക്ഷണം</u>*

*3 പുരയിടങ്ങളിൽ ആയിട്ടാണ് പ്രവർത്തി ചെയ്തിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതല്ല എന്നാണ് ഫീൽഡ് പരിശോധനയിൽ അറിയാൻ സാധിച്ചത്.*

## *<u>രജിസ്റ്റർ പരിശോധന</u>*

*കേന്ദ്ര സർക്കാരിൻറെ നിർദ്ദേശപ്രകാരം ഏഴ് രജിസ്റ്റർനിർബന്ധമായുംഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.*

*തൊഴിൽ കാർഡിന് ആയുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ*

*ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ തൊഴിൽ ആവശ്യപ്പെട്ടതും കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ*

*പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ*

*സ്ഥിര ആസ്തികളുടെ രജിസ്റ്റർ*

*പരാതി രജിസ്റ്റർ*

*സാധന രജിസ്റ്റർ*

*നെല്ലനാട്  പഞ്ചായത്തിൽ ഏഴ് രജിസ്റ്ററും കാണാൻ സാധിച്ചു*

## *തൊഴിൽ കാർഡ്*

*തൊഴിലാളികളുടെ അടിസ്ഥാന രേഖയാണ് തൊഴിൽകാർഡ് ഒരു പ്രദേശത്ത് സ്ഥിരതാമസമാക്കിയ ഒരു കുടുംബത്തിന് തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം ഉണ്ട് 18 വയസ്സ് തികഞ്ഞ തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഏതൊരാൾക്കും ഈ പദ്ധതിയിൽ അംഗമാകാം. തൊഴിൽ കാർഡ് തൊഴിലാളികളുടെ കൈവശമാണ് സൂക്ഷിക്കേണ്ടത്. നെല്ലനാട് വാർഡിൽ 321 ആക്റ്റീവ് തൊഴിൽ കാർഡ്കൾ ആണുള്ളത്.*

## *സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്*

*തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടി യുള്ള ഒരു ഉപാധിയാണ് സി ഐ ബി ഒരു പ്രവർത്തിയുടെ അടിസ്ഥാനവിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക, സാധന വേദന ഘടകങ്ങൾ, യഥാർത്ഥ തുക, തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.*

*LD/245977 യിൽ  സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചു*

## *ജാഗ്രതാ മേൽനോട്ട സമിതി*

*മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട സംഘടനാപരമായ ഒരു വിഭാഗമാണ് ജാഗ്രത മേൽനോട്ട സമിതി 2018 -19 സർക്കുലർ പ്രകാരം ജാഗ്രത മേൽനോട്ടസമിതിയിൽ സമൂഹത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുകയും ജനസമ്മതനായ ഒരു വ്യക്തിയും ഒരു ജനപ്രതിനിധിയും വനിതകളും ഉൾപ്പെടുന്ന 5 മുതൽ 7 വരെ അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നത് ഗ്രാമസഭയിൽ വച്ചാണ്. വാർഡ് തലത്തിൽ സ്വീകരിക്കേണ്ട ഈ കമ്മിറ്റിയിൽ അധ്യാപകർ,  ആശാവർക്കേഴ്സ് നിന്നും ജോയിൻ ലൈബിലിറ്റി അംഗ യൂത്ത് ക്ലബ്ബ് അംഗങ്ങൾ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങൾ ആയിരിക്കണം വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ഉൾപ്പെടുത്തേണ്ടത് പ്രാതിനിധ്യം സ്വഭാവത്തോടെ കൂടി ജനങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ കാലാവധി ചുരുങ്ങിയത് ആറു മാസം കാലവും പരമാവധി ഒരു വർഷവുമാണ്.പ്രവർത്തി നടക്കുമ്പോഴും പൂർത്തീകരിക്കും പോലും ഈ സമിതിക്ക് പ്രവർത്തി പരിശോധിക്കുവാനും തിരുത്തൽ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാവുന്നതാണ് റിപ്പോർട്ടുകൾ വർക്ക് ഫയലിന്റെ  ഭാഗമായി ഇരിക്കുന്നതും ഒരു കൺകറൻറ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്ന നിലയിൽ പിന്നീട് ഗ്രാമസഭ നടത്തുന്ന സോഷ്യൽഓഡിറ്റ് ന്  ഇത് സഹായകമാവുകയും ചെയ്യും.*

*നെല്ലനാട് പഞ്ചായത്തിലെ നെല്ലനാട് വാർഡിൽ ചന്ദ്രശേഖരൻ നായർ, സുഭാഷ്, നാസർ, സുധീന എന്നിവരാണ് അംഗങ്ങൾ. സൈറ്റ് ഡയറി യിൽ അംഗങ്ങൾ ഒപ്പിട്ടിട്ടുണ്ട്. അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്.*

## *കണ്ടെത്തലുകൾ*

*1. തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്ന ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഓഡിറ്റ് നടത്തിയ പ്രവർത്തികളിൽ LD/ 245977 എന്ന പ്രവർത്തിയിൽ മാത്രമാണ് ബോർഡ് കാണാൻ സാധിച്ചത്. എം ബുക്ക് പ്രകാരം 2300 രൂപ ഇതിനായി ചിലവാക്കിയ തായി കാണാൻ സാധിച്ചു. എന്നാൽ 3 പ്രവർത്തി സ്ഥലങ്ങളിലും ബോർഡ് ഇല്ലായിരുന്നു.*

*2.LD/245977 എന്ന പ്രവർത്തിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ പ്രവർത്തി ആരംഭിച്ച തീയതി 9/ 9 /2018 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ പ്രവർത്തി ആരംഭിച്ചത് 3/10/2018 ന് ആണെന്ന് ഫയൽ പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്.*

*3.LD/245985 എന്ന പ്രവർത്തിയുടെ സൈറ്റ് ഡയറിയിൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ ജൈവവേലി കണ്ടു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അങ്ങനെ ഒരു പ്രവർത്തി അവർ ചെയ്തിരുന്നില്ല.*

*4.പ്രവർത്തി അനുവദിച്ച ഫോറം ഫയലിൽ സൂക്ഷിച്ചതായി കാണുവാൻ സാധിച്ചില്ല. 5.തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നു.*

## നിർദ്ദേശങ്ങൾ

- *പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റ് പ്രവർത്തി സ്ഥലങ്ങളിൽ ലഭ്യമാക്കണം തൊഴിലുറപ്പിൽ അനുവദനീയമായതും മുൻഗണനാ ക്രമത്തിലും പ്രവർത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.*

- *തൊഴിൽ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുകയും ആയതിന് കൈപ്പറ്റ് രസീത് നൽകുകയും ചെയ്യേണ്ടതാണ്. ഉദ്യോഗസ്ഥർ രേഖകളിൽ ഒപ്പ് വെക്കുമ്പോൾ തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്.*

- *വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ ഓരോ വർഷവും തിരഞ്ഞെടുക്കേണ്ടതാണ്.*

  *വി. എം. സി യുടെ അഭിപ്രായങ്ങൾ സൈറ്റ് ഡയറിയിൽ കൃത്യമായ രേഖപ്പെടുത്തേണ്ടതാണ്*

- *ചെക്ക് ലീഫ് പോലെ പ്രാധാന്യമുള്ള മസ്റ്റ് റോളിൽ യാതൊരു വിധ വെട്ടി തിരുത്തലും പാടില്ല. ഹാജർ കൃത്യമായി രേഖപ്പെടുത്തണം.*

- 

- *എല്ലാ പ്രവർത്തികളിലും നിർബന്ധമായും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിരിക്കണം.*

- *കാലാവസ്ഥ അനുസരിച്ചും കാർഷിക കലണ്ടർ അനുസരിച്ചും തൊഴിൽ പദ്ധതികൾ*

*തിരഞ്ഞെടുക്കുക.*

## ചർച്ച

## ചർച്ചയിൽ ഉയർന്ന ചോദ്യവും  നിർദ്ദേശങ്ങളും

*ലീല മണി അമ്മ :17 ജോലിയെ കിട്ടിയോ ളു. കൂലി യും കിട്ടിയില്ല*

*ബീനാ അംബിക :നെല്ലനാട് പഞ്ചായത്തിൽ മാത്രം ജോലി ഇല്ല.*

*റഫീക്ക :അപകടം സംഭവിച്ചു ചികിത്സ ചിലവ് കിട്ടിയില്ല*

*മിനി : പുതിയ തൊഴിൽ കാർഡ് ലഭിച്ചില്ല*

*സരസ്വതി :കൊന്നയി കോഡ്  റോഡ് കോൺക്രീറ്റ് ചെയ്യണം*

*പ്രസന്ന :പുരയിടം പണി വേണം.*

*വിജയ മ്മ  :ശമ്പളം കൂട്ടണം.*

*ഉഷ കുമാരി : പുതിയ അപേക്ഷ കണ്ടെത്തി കൊടുക്കാം 100 പണി വേണം. കൂലി 500 രൂപ ആക്കണം.*

*APL, BPL നും തുല്യ മായ പണി, ടാർപാ, വേണം*

*സുധീന:വയ്ക്തി ഗതമായ  കലിങ്കിൻ പണി ഉൾപെടുത്താമോ*

*സരസ്വതി :60 വയസ് കഴിഞ്ഞവർക് പരിഗണന ഉണ്ടോ*

*സമയം കുറക്കണം പൊതു അഭിപ്രായം.*

*കൃഷ്ണമ്മ : വീട്ടിൽ കല്ല് കയ്യാല പണി വേണം.*

*കോഴി കൂടു, ആട്ടിൻ കൂടു എന്നിവ ക്കുള്ള ഫണ്ട് എങ്ങനെ ലഭിക്കും*

*പുറം പോക്ക് ഭൂമിയിൽ പണി ചെയ്യാൻ സാധിക്കുമോ*

*ലത്തീഫ ബീവി : മല്ലൻ വിള -ചാലുവിള റോഡ് പണി*

*ഇന്ദിര :പുതിയ റോഡ് നിർമാണം -കുറുവള്ളൂർ*

*ശോഭന കുമാരി :കൊപ്പം -മണ്ണടി കടവ് റോഡ് പണി*

*മറുപടി*

*ഇനിമുതൽ പ്രവർത്തനങ്ങൾ എസ്റ്റിമേറ്റ് പ്രകാരം മാത്രം ചെയ്താൽ മതി. പുരയിടം പണി ഇല്ല. സോഫ്റ്റ് പിറ്റേ,കംപോസ്റ്റ് കുഴി ഇവ മാത്രമേ ഉള്ളൂ. പ്രൊജക്റ്റ് മീറ്റിംഗ് യിൽ വിശദീകരണം പോലെ*

പണി ചെയ്യണം. കാടു പറിക്കാൻ ഇല്ല.   റോഡിന്റെ സൈഡ് വൃത്തി ആക്കൽ ഇല്ല. കോൺക്രീറ്റ് ഉണ്ട്. അപേക്ഷ തന്നാൽ ഉൾപെടുത്താം. തൊഴിലുറപ്പ് പ്രകാരം SC, ST, BPL മുൻഗണന ക്രമം തീർന്ന ശേഷം APL ലിസ്റ്റ് ഉൾപ്പെടുത്താം. ഫണ്ട് വരുന്നത് അനുസരിച്ചു എല്ലാവർക്കും കൂലി ലഭിക്കും. കൈ ഉറ, കാല് ഉറ എന്നിവ ഒരു തവണ മാത്രമേ വാങ്ങാൻ കഴിയു. തോട് പണി നടക്കുമ്പോൾ ഷിഫ്റ്റ് ചെയ്തു കൊടുക്കാം. അപകടം സംഭവിച്ചാൽ ആശുപത്രിയിൽ പോയ ഒ. പി ടിക്കറ്റ് ബില്ലുകൾ എന്നിവ കൊണ്ട് വന്നു അപേക്ഷ നൽകണം. പുറം പോക്ക് ഭൂമി യുടെ സർക്കാർ ഭൂമി എന്ന സർട്ടിഫിക്കറ്റ് ലഭിക്കണം .

## ഉപസംഗ്രഹം

പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ  അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭൂമിയെ പുനരുജ്ജീ വി പ്പിക്കുന്നതിനും  അതുവഴി  സുസ്ഥിര വികസനം സാധ്യമാകുന്നതിനും ലക്ഷ്യം വെച്ചിട്ടു ള്ള തൊഴിലുറപ്പു പദ്ധതിയുടെ പ്ലാനിംഗ് , നടത്തിപ്പ് എന്നിവ സാമൂഹിക പാരിസ്ഥിക  മാനദണ്ഡങ്ങൾ പാലിച് കൊണ്ട് ശാസ്ത്രീയ മായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. എങ്ങനെയെങ്കിലും പ്രവർത്തി കൾ നടപ്പിലാക്കി ചെലവ് കൂട്ടുക എന്നും   തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടുക എന്നും മാത്രമാവരുത് നിലപാടുകൾ.   വ്യക്തമായ കാഴ്ചപ്പാടില്ലാതെ അശാസ്ത്രീയമായ രീതിയിൽ പ്രവർ ത്തികൾ തെരെഞ്ഞെടുക്കുന്നതും ചെയ്യുന്നതും , കാലാനുസൃതമല്ലാത്ത പ്രവർത്തികൾ ചെയ്യുന്ന തും ഇതിന്റെ യഥാർത്ഥ ലക്ഷ്യത്തെ കളങ്കപ്പെടുത്തുന്നതായി  വിഷമത്തോടെ നോക്കി നിൽക്കേ ണ്ടി വരുന്നത് ആശങ്കാജനകമാണ്. ഈ സാമൂഹിക പരിശോധന ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യമാകുന്ന പ്രത്യാശയോടെ ഈ  റിപ്പോർട്ട് സമർപ്പിക്കുന്നു.

സോഷ്യല്   ഓഡിറ്റ് പ്രവര്   ത്തന ങ്ങളില്   പങ്കാളികള്   ആയവര്

തൊഴിലുറപ്പ്  വിഭാഗം ഉദ്യോഗസ്ഥര്<br>
വാര്   ഡിലെ  തൊഴിലാളികള്<br>
മേറ്റ് മാര്<br>
പഞ്ചായത്ത് ഭരണ സമിതി  അംഗങ്ങള്<br>
പഞ്ചായത്ത്  ഉദ്യോഗസ്ഥര്<br>
കുടുംബശ്രീ  പ്രവര്   ത്തകര്

അനുബന്ധം- 1-

തൊഴിലുറപ്പുപദ്ധതിയിൽഏറ്റെടുത്ത്ചെയ്യാൻപറ്റിയപ്രവൃത്തികൾ

1. വിഭാഗംഎ :പ്രകൃതിവിഭവപരിപാലനവുമായിബന്ധപ്പെട്ടപൊതുപ്രവൃത്തികൾ
2. വിഭാഗംബി: സമൂഹത്തിൽഅവശതഅനുഭവിക്കുന്നവിഭാഗങ്ങൾക്കുള്ളവ്യക്തിഗതആസ്തികൾഖണ്ഡിക 5ൽപരാമർശിക്കുന്നകുടുംബങ്ങൾക്ക്മാത്രം
3. വിഭാഗംസി:

*ദേശീയഗ്രാമീണഉപജീവനമിഷൻനിബന്ധനകൾഅനുസരിക്കുന്നസ്വയംസഹായസംഘങ്ങൾക്ക്പൊതുഅടിസ്ഥാനസൗകര്യങ്ങൾ*

*4. വിഭാഗംഡി: ഗ്രാമീണഅടിസ്ഥാനസൗകര്യങ്ങൾ*

*അനുബന്ധം: വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകള് .*

*മേറ്റ് മാരുടെ ചുമതലകള് .*

*പ്രവൃത്തി സ്ഥലങ്ങളില് പ്രവൃത്തിയുടെ മേല് നോട്ടം.*

*തൊഴില് കാര് ഡില് ആവശ്യമുള്ള വിവരങ്ങള് രേഖപ്പെടുത്തുക.*

*മസ്റ്റര് റോളില് തൊഴിലാളികളുടെ ഹാജര് ഉറപ്പു വരുത്തുക.*

*മേറ്റ്മാരുടെ പരിശീലനങ്ങളില് പങ്കെടുക്കുക. അറിവുകള് തൊഴിലാളികളുമായി പങ്കുവെക്കുക*

*പ്രവൃത്തി ഇടങ്ങളില് ആവശ്യ മായ സൌകര്യങ്ങള് ഉണ്ടോ എന്ന് ഉറപ്പു വരുത്തുക*

*സൈറ്റ് ഡയറിയില് മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം*

*തൊഴിലാളികള് ക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക*

*പുതിയ തൊഴില് ഇടങ്ങള് കണ്ടെത്തുവാനും പുതിയ തൊഴില് ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .*

*കൃത്യമായി സോഷ്യല് ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.*

*മറ്റു തൊഴിലാളികള് ക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക*

*തൊഴിലാളികളുമായി നിരന്തര സമ്പര് ക്കം പുലര് ത്തുകയും കൂടുതല് ബന്ധം സ്ഥാപിക്കുകയും ചെയ്യുക.*